**Malayala Manorama**

**20 August 2018**

**Kollam, After Flood, Road Traffic to Normal**

# റോഡ് ഗതാഗതം സാധാരണനിലയിലേക്ക്

- പത്തനംതിട്ട, ഇടുക്കി, വയനാട് ഭാഗികം
- കോട്ടയം–ചേർത്തല റോഡ്, എസി റോഡ് വെള്ളക്കെട്ടിൽ
- കെ കെ റോഡിൽ പുനരാരംഭിച്ചു

കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന തിരുവനന്തപുരം മേഖലയിൽ എല്ലാ റൂട്ടുകളിലും സർവീസ് പുനരാരംഭിച്ചതായി കെഎസ്ആർടിസി ഓപ്പറേഷൻസ് വിഭാഗം ഡയറക്ടർ ജി .അനിൽ കുമാർ പറഞ്ഞു. തിരുവനന്തപുരത്തു നിന്നു കോട്ടയം വഴി എറണാകുളത്തേക്കുള്ള സർവീസ് പുനരാരംഭിച്ചു. തിരുവനന്തപുരം - പുനലൂർ സംസ്ഥാനപാതയിൽ ഗതാഗതം പുനഃസ്ഥാപിച്ചു.

കൊല്ലം- തിരുമംഗലം ദേശീയപാതയിൽ തെന്മല മുതൽ ചെങ്കോട്ട വരെ ഏർപ്പെടുത്തിയ സമ്പൂർണ ഗതാഗത നിരോധനത്തിന് ഇളവു വരുത്തി. രാവിലെ ആറിനും വൈകിട്ട് ആറിനും മധ്യേയാണു യാത്രാനുമതി. പത്തനംതിട്ടയിലേക്കുള്ള കെഎസ്ആർടിസി ദീർഘദൂര ബസുകൾ അടൂരിൽ യാത്ര അവസാനിപ്പിക്കുന്നു. ഗതാഗതം പൂർവ സ്ഥിതിയിലാകുന്നതുവരെ പന്തളത്തുനിന്നുള്ള സർവീസുകൾ അടൂരിൽനിന്നാകും ആരംഭിക്കുക. മല്ലപ്പള്ളിയിൽനിന്നുള്ള സർവീസുകൾ തിരുവല്ലയിൽനിന്നും റാന്നിയിൽനിന്നുള്ളവ പത്തനംതിട്ട ഡിപ്പോയിൽനിന്നും തുടങ്ങും.

കോട്ടയം- എറണാകുളം റൂട്ടിൽ കാഞ്ഞിരമറ്റം-മുളന്തുരുത്തി-നടക്കാവ് വഴി വാഹനങ്ങൾ ഓടുന്നുണ്ട്. കെകെ റോഡിൽ ഗതാഗതം പുനരാരംഭിച്ചു. എസി റോഡ്, കോട്ടയം-ചേർത്തല റോഡ് എന്നിവ വെള്ളക്കെട്ടിലാണ്. കോട്ടയം-റാന്നി-പത്തനംതിട്ട റൂട്ടിലും പാലാ റൂട്ടിലും വാഹനങ്ങൾ ഓടുന്നു.

ഇടുക്കിയിൽ തൊടുപുഴ-പുളിയൻമല സംസ്ഥാനപാത, കൊച്ചി-ധനുഷ്കോടി ദേശീയപാത എന്നിവിടങ്ങളിൽ ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചു. മൂന്നാർ-മറയൂർ-ഉദുമൽപേട്ട, കൊട്ടാരക്കര - ഡിണ്ടിഗൽ ദേശീയപാതകളിൽ ഗതാഗതം തടസ്സപ്പെട്ട നിലയിൽ തന്നെ.




തൃശൂർ ജില്ലയിൽ കാര്യമായ ഗതാഗത തടസ്സങ്ങളില്ല. നിലവിൽ തൃശൂർ-കൊടുങ്ങല്ലൂർ-പറവൂർ പാതയിലെ മൂത്തകുന്നം ഭാഗത്ത് തടസ്സമുണ്ട്. തൃശൂർ-പാലക്കാട് റൂട്ടിൽ തടസ്സങ്ങളില്ല. ഷൊർണൂർ വഴിയും കുതിരാൻ വഴിയും വാഹനങ്ങൾ പോകുന്നു. തൃശൂർ-കോഴിക്കോട് റോഡുകളിൽ വെള്ളമിറങ്ങി. എറണാകുളം റൂട്ടിലേക്കുള്ള ഗതാഗതവും പുനഃസ്ഥാപിച്ചു.

മലപ്പുറത്ത് പരപ്പനങ്ങാടി- മലപ്പുറം റോഡിൽ മാത്രമാണു തടസ്സം. തിരൂർ - കുറ്റിപ്പുറം റോഡിലും പൊന്നാനി - കോഴിക്കോട് റോഡിലും ഗതാഗതം പുനഃസ്ഥാപിച്ചു. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും തിരൂർ റെയിൽവേ സ്റ്റേഷനിൽനിന്നും സമീപ പ്രദേശങ്ങളിലേക്കു ഗതാഗത തടസ്സമില്ല.

കോഴിക്കോട് ജില്ലയിലെ ഗതാഗതം പൂർവസ്ഥിതിയിലായി. വയനാട്ടിൽ മാനന്തവാടി പാൽചുരത്തിൽ ഗതാഗത തടസ്സം പരിഹരിക്കാനായില്ല. നാടുകാണി ചുരത്തിൽ ഇന്നലെ ഗതാഗതം പുനഃസ്ഥാപിച്ചു. പേര്യ ചുരത്തിൽ വാഹനങ്ങളെല്ലാം കടന്നു പോകുന്നുണ്ട്. വയനാട്, കുറ്റ്യാടി ചുരങ്ങളിലും ഗതാഗതം സുഗമമാണ്.

കണ്ണൂരിൽനിന്നു വയനാട്ടിലേക്കുള്ള കെഎസ്ആർടിസി സർവീസുകൾ പുനരാരംഭിച്ചു. അതേസമയം കൊട്ടിയൂർ ബോയ്സ് ടൗൺ ചുരത്തിൽ ഗതാഗത നിയന്ത്രണം തുടരുന്നു. ചെറുവാഹനങ്ങൾ മാത്രമാണു കടത്തിവിടുന്നത്